**റൂളിംഗ്**

മി. സ്പീക്കർ: ചട്ടം 303 പ്രകാരം ശ്രീ. എൻ. ഷംസുദ്ദീനും ശ്രീ. എം. ഉമ്മറും വളരെ പ്രസക്തമായ രണ്ട് ക്രമപ്രശ്നങ്ങളാണ് സഭ മുമ്പാകെ കൊണ്ടുവന്നിട്ടുള്ളത്. ഈ വിഷയങ്ങളെ സംബന്ധിച്ച് നിരവധി തവണ സഭ മുമ്പാകെ ക്രമപ്രശ്നങ്ങൾ ഉയർന്നു വന്നിട്ടുള്ളതും ശക്തമായ റൂളിംഗുകൾ ചെയറിൽനിന്നും ഉണ്ടായിട്ടുള്ളതുമാണ്. 14-ാം കേരള നിയമസഭയിൽ തന്നെ ഒന്നിലേറെ തവണ സഭ മുമ്പാകെ ഇക്കാര്യം ഉന്നയിക്കപ്പെടുകയും റൂളിംഗ് നൽകിയിട്ടുള്ളതുമാണ്. എന്നിട്ടും ഇത് ആവർത്തിക്കുന്നു എന്നത് നിർഭാഗ്യകരമാണ്. ഇക്കാര്യത്തിൽ ചെയർ കടുത്ത അസന്തുഷ്ടി പ്രകടിപ്പിക്കുന്നു. നിയമങ്ങൾ നിർമ്മിച്ചതിനുശേഷം ചട്ടങ്ങളുണ്ടാക്കുന്നതിൽ കാണിക്കുന്ന കാലതാമസം ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. സർക്കാർ കാര്യം മുറപോലെ എന്ന രീതി നിയമസഭയോട് കാണിക്കുന്നത് അടിയന്തരമായി അവസാനിപ്പിക്കണമെന്ന് ചെയർ ഒരിക്കൽക്കൂടി പറയാൻ ആഗ്രഹിക്കുന്നു.

ഇപ്പോൾ സൂചിപ്പിക്കപ്പെട്ട 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല നിയമം, 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ട്, കേന്ദ്ര നിയമമായ 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാനിയമം എന്നിവ പ്രകാരം

സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ നിർമ്മിക്കേണ്ട ചട്ടങ്ങൾ നാളിതുവരെ നിർമ്മിക്കാതിരുന്നതു സംബന്ധിച്ചാണ് ശ്രീ. എൻ. ഷംസുദ്ദീൻ ക്രമപ്രശ്നം ഉന്നയിച്ചത്. ബന്ധപ്പെട്ട ബഹുമാനപ്പെട്ട മന്ത്രിമാർ ഇക്കാര്യം സംബന്ധിച്ച് കാലതാമസം ഉണ്ടായതിനുള്ള വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. വിശദീകരണം വ്യക്തമാണെങ്കിലും എവിടെയാണ് കാലതാമസത്തിന് കാരണക്കാർ എന്ന് കണ്ടെത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട മന്ത്രിമാർക്ക് ഉത്തരവാദിത്തമുണ്ടായിരിക്കണം എന്നുകൂടി ചെയർ ഓർമ്മപ്പെടുത്തുകയാണ്.

നമുക്കൊക്കെ അറിയാവുന്നതുപോലെ നിയമനിർമ്മാണം എന്ന പ്രകിയ കേവലം ഒരു ബിൽ സഭ പാസ്സാക്കി നിയമമായി പ്രസിദ്ധീകരിക്കുക എന്ന കർത്തവ്യത്തിൽ മാത്രം ഒതുങ്ങുന്നതല്ല. ആ നിയമത്തിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി ആവശ്യമായ ചട്ടങ്ങൾ കൂടി സമയബന്ധിതമായി നടപ്പാക്കുമ്പോൾ മാത്രമാണ് പ്രാഥമികമായി ആ കർത്തവ്യം പൂർണ്ണമാകുന്നത്. തുടർന്നുള്ള പ്രവർത്തനവും അതോടൊപ്പം പ്രധാനപ്പെട്ടവ തന്നെ. എന്നാൽ സുപ്രധാനമായ ചട്ടങ്ങൾ നിർമ്മിക്കുന്ന കാര്യത്തിൽ കാലതാമസം വരുന്നു എന്നത് ആവർത്തിച്ചുവരുന്ന ഒരു പ്രവണതായി കാണുകയാണ്. ഈ പ്രവണത സംബന്ധിച്ച് എന്തൊക്കെ വിശദീകരണങ്ങൾ പറയാമെങ്കിലും അതൊന്നുംതന്നെ

ന്യായീകരിക്കുവാൻ കഴിയുന്നതല്ല. ചട്ടങ്ങൾ സമയബന്ധിതമായി തയ്യാറാക്കിയാൽതന്നെ അവ കരട് രൂപത്തിൽ സബ്ജക്ട് കമ്മിറ്റി മുമ്പാകെ വയ്ക്കേണ്ടതും സമിതിയുടെ അംഗീകാരം വാങ്ങേണ്ടതുമുണ്ട്. എന്നാൽ നമുക്ക് മനസ്സിലാക്കാവുന്ന ഒരു കാര്യം, നിലവിൽ നമ്മുടെ സബ്ജക്ട് കമ്മിറ്റികളൊക്കെത്തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ്. അവിടെ കാലതാമസം വരുന്നില്ല. സബ്ജക്ട് കമ്മിറ്റി മുമ്പാകെ വരുന്ന കരട് ചട്ടങ്ങളൊക്കെത്തന്നെ സമയബന്ധിതമായി പരിഗണിച്ച് നൽകുന്ന കാര്യത്തിൽ സബ്ജക്ട് കമ്മിറ്റി ഊർജ്ജിതമായി പ്രവർത്തിക്കുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ട് ഇത്തരത്തിലുള്ള കാലതാമസമൊന്നും ഇപ്പോൾ നിയമസഭയിൽ അനുഭവപ്പെടുന്നില്ല എന്നത് അഭിമാനകരമാണ്.

എന്നാൽ കരട് ചട്ടങ്ങൾ സമയബന്ധിതമായി രൂപീകരിക്കുന്ന കാര്യത്തിൽ ഇവിടെ ചൂണ്ടിക്കാണിച്ച പ്രത്യേക നിയമങ്ങളുടെ കാര്യത്തിലും മറ്റ് നിയമങ്ങളുടെ കാര്യത്തിലും കാലതാമസം ഉണ്ടായിട്ടുണ്ട് എന്നതും അത് ഒഴിവാക്കേണ്ടതാണ് എന്നതും വസ്തുതകളായിരിക്കെ ഇതുസംബന്ധിച്ച് സഭാതലത്തിൽ വീണ്ടും വീണ്ടും ക്രമപ്രശ്നങ്ങൾ ഉയർന്നുവരുന്നത് ഒട്ടും അഭികാമ്യമായ കാര്യങ്ങളല്ല. ഈ സാഹചര്യത്തിൽ ഇവിടെ പരാമർശിക്കപ്പെട്ട നിയമങ്ങൾക്കുള്ള ചട്ടങ്ങൾ

സംബന്ധിച്ച എല്ലാ നടപടികളും ഒരു മാസത്തിനകം പൂർത്തീകരിക്കണമെന്നും അതുസംബന്ധിച്ച് ഒരു റിപ്പോർട്ട് ചെയറിന് ലഭ്യമാക്കണമെന്നും മനഃപൂർവ്വമായ വീഴ്ച ആരുടെയെങ്കിലും ഭാഗത്തുനിന്നുണ്ടായിട്ടുണ്ടെങ്കിൽ തക്കതായ നടപടി സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

ശ്രീ. എം. ഉമ്മർ ചട്ടം 303 പ്രകാരം ഇവിടെ ഉന്നയിച്ചത് അതിലേറെ ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ജനുവരി 24-ാം തീയതി സഭയുടെ മേശപ്പുറത്ത് വച്ച ചില SRO-കൾ വളരെ കാലപ്പഴക്കം ചെന്നതാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇക്കാര്യം ചെയർ പരിശോധിച്ചു. 2008, 2011, 2012, 2016 വർഷങ്ങളിലായി പുറപ്പെടുവിച്ച പന്ത്രണ്ടോളം SRO-കൾ വളരെ കാലതാമസം വരുത്തിയാണ് സഭയുടെ മേശപ്പുറത്ത് വച്ചിരിക്കുന്നത്. ഇത് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ ഏറെ ഗുരുതരമായതും അംഗങ്ങളുടെ അവകാശങ്ങൾ ഹനിക്കുന്നതുമായ ഒരു നടപടി തന്നെയാണ് എന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. നിയമനിർമ്മാണ പ്രക്രിയയെത്തന്നെ അപഹാസ്യമാക്കുന്ന ഒരവസ്ഥയാണ് സംഭവിച്ചിരിക്കുന്നത്.

സ്റ്റാറ്റ്യൂട്ടറി ഡോക്യുമെന്റുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച്

നമ്മുടെ സഭയിൽ വ്യക്തമായ ചട്ടങ്ങളും നടപടിക്രമങ്ങളുമുണ്ട്. എന്നുമാത്രവുമല്ല, ഇക്കാര്യങ്ങൾ സമഗ്രമായി പരിശോധിക്കുന്നതിനായി ഒരു നിയമസഭാസമിതി തന്നെ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നിട്ടും ഇത്രയും കാലതാമസം എന്തുകൊണ്ടുണ്ടായി എന്നത് അത്ഭുതപ്പെടുത്തുന്ന ഒരു കാര്യം തന്നെയാണ്. ഏതായാലും നിയമസഭാ സെക്രട്ടേറിയറ്റിൽ ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടോ എന്ന് ചെയർ പരിശോധിക്കുന്നതാണ്. അതോടൊപ്പം ഇതുസംബന്ധിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണമെന്നും കുറ്റക്കാരെന്ന് കാണുന്നവർക്കെതിരെ യുക്തമായ നടപടികൾ സ്വീകരിക്കണമെന്നും മേലിൽ ഒരു കാരണവശാലും ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാൻ കർശന നടപടികൾ സ്വീകരിക്കണമെന്നും അതുസംബന്ധിച്ച് ഒരു റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.